ടർഘാസ് പരസ്യം

നമ്പർ എ.ഇ.(3) 399/2007. 2007 മേയ് 14.

കേരള ഗവർണ്ണർക്കുവേണ്ടി തിരുവനന്തപുരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി), കല്ലിയൂർ പഞ്ചായത്തിലെ പണ്ടാരക്കരി പാടശേഖരത്തിൽ പെട്ടിയും പറയും സ്ഥാപിക്കുന്നതിന് നിശ്ചിത യോഗ്യതയുള്ള അംഗീകൃത ഏജൻസികളിൽ/ഡീലർമാരിൽനിന്നും മത്സരസ്വഭാവമുള്ള ടർഘാസുകൾ മുദ്രവച്ച കവറുകളിൽ ക്ഷണിച്ചുകൊള്ളുന്നു. കവറിന്റെ പുറത്ത് പ്രവൃത്തിയുടെ പേരെഴുതിയിരിക്കേണ്ടതാണ്. ടർഘാസുകൾ 13-6-2007 വൈകുന്നേരം 3 മണിവരെ ഈ ഓഫീസിൽ സ്വീകരിക്കുന്നതും അന്നേദിവസം 3.30-ന് ഹാജരുള്ള ഏജൻസികളുടെയോ/ഡീലർമാരുടെയോ അവർ രേഖാമൂലം അധികാരപ്പെടുത്തുന്ന ഏജന്റുമാരുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്. പ്രസ്തുത ദിവസം എങ്കിലും കാരണവശാൽ അവധിദിവസം ആയാൽ അടുത്ത പ്രവൃത്തിദിവസം മുകളിൽപ്പറഞ്ഞ വൃത്താന്തമായിട്ടും സമയത്തും ടർഘാസുകൾ സ്വീകരിക്കുന്നതും തുറക്കുന്നതുമാണ്. പ്രവൃത്തിയെ സംബന്ധിക്കുന്ന വിവരം താഴെ കൊടുത്തിരിക്കുന്നു.

പ്രവൃത്തിയുടെ പേര്—നിലവിലുള്ള 50 എച്ച്. പി. ഇലക്ട്രിക് മോട്ടോറിന് അനുയോജ്യമായ 600x125x35 സെ. മീ. അളവിലുള്ള പെട്ടിയും 80 സെ. മീ. വ്യാസമുള്ള പറയും അനുബന്ധ സാമഗ്രികളും വിതരണം ചെയ്ത് ഉറപ്പിക്കൽ.

നിരദ്രവ്യം—രേഖപ്പെടുത്തുന്ന തുകയുടെ 1%.

ടർഘാസ് പ്രമാണത്തിന്റെ വില — രൂപ 400 + വി. നി.

പണി തീർക്കേണ്ട കാലാവധി—15 ദിവസം.

ടർഘാസ് പ്രമാണം തിരുവനന്തപുരം വെള്ളായണിയിലുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) കാര്യാലയത്തിൽനിന്നും ടർഘാസ് ദിവസം പകൽ 1 മണിവരെ ലഭിക്കുന്നതാണ്. ടർഘാസ് പ്രമാണങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ സമർപ്പിക്കേണ്ടതും നിശ്ചിത തുക, വില്പന നികുതി അടക്കം ഇ ഓഫീസിൽ അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ടർഘാസ് പ്രമാണത്തിന്റെ അധിക പകർപ്പിന് വില്പന നികുതിയടക്കം പ്രത്യേക വില അടയ്ക്കേണ്ടതാണ്. ടർഘാസ് പത്രികയുടെ വില യാതൊരു കാരണവശാലും മടക്കിക്കൊടുക്കുന്നതല്ല. ടർഘാസ് പത്രിക അംഗീകൃത കരാറുകാർക്ക് മാത്രം സ്വീകരിക്കുന്നതും ആയത് കൈമാറ്റം ചെയ്യാൻ പാടില്ലാത്തതുമാണ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) തിരുവനന്തപുരം എന്ന പേരിൽ അടച്ച നിശ്ചിത തുകയുടെ ബാങ്ക് ഡ്രാഫ്റ്റ് നിരദ്രവ്യമായി ടർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. നിശ്ചിത തുക യുടെ നിരദ്രവ്യം ഇല്ലാത്തതും താമസിച്ചു ലഭിക്കുന്നതുമായ ടർഘാസുകൾ നിരസിക്കുന്നതാണ്. ടർഘാസിനോടൊപ്പം നിശ്ചിത ഫോറത്തിൽ 50 രൂപയുടെ മുദ്രപ്പത്രത്തിൽ പ്രിഖ്യാപനം എഗ്രിമെന്റ് സമർപ്പിക്കേണ്ടതാണ്. സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ടർഘാസിനെ സംബന്ധിക്കുന്ന എല്ലാ നിബന്ധനകളും ഈ ടർഘാസിനും ബാധകമാണ്.

(ഒപ്പ്)
അസിസ്റ്റന്റ്
എക്സിക്യൂട്ടീവ്
എഞ്ചിനീയർ.
(കൃഷി).

തിരുവനന്തപുരം.